No.U6- 131245 /2018/PHQ,
Police Headquarters,
Thiruvananthapuram,
Dated, 25-09-2018.

**Circular No. 27 /2018**

Sub:- Consensual sexual relationship between two adults, whether homosexuals, heterosexuals or lesbians, decriminalized – section 377 of the Indian Penal Code, 1860 partially struck down by Hon'ble Supreme Court – under investigation cases directions - reg.

Ref: - **Judgment of the Hon'ble Supreme Court dated 06-09-2018 in *Navtej Singh Johar Vs. Union of India* [W.P. (Criminal) No.76 of 2016]**

Hon'ble Supreme Court, in the judgment cited, had overruled its earlier judgment in *Sureshkumar Koushal Vs. Naz Foundation* [Civil Appeal No.10972 of 2013] and ruled that section 377 of the Indian Penal Code, 1860, in so far as it criminalises even consensual sexual acts between competent adults, fails to make a distinction between non-consensual and consensual sexual acts of competent adults in private space which are neither harmful nor contagious to the society. Such consensual carnal intercourse among adults, be it homosexual or heterosexual, in private space, does not in any way harm the public decency or morality. Therefore, section 377 IPC was partially struck down by the Hon'ble Court as violating Articles 14 and 19(1)(a) of the Constitution of India. *The provisions of section 377 will continue to govern non-consensual sexual acts against adults, all acts of carnal intercourse against minors (POCSO cases), and acts of bestiality.*

All District Police Chiefs are hereby directed to download the full text of the judgment from the Police website, comply with the *ratio* of the verdict and brief all the field officers. The judgment shall not lead to the re-opening of any concluded prosecutions, but should be relied upon in all pending matters whether they are at the trial, appellate, or revision stages.

As regards Under Investigation cases involving section 377 IPC, the following directions are issued for strict compliance:-

1. The SHOs shall list out all cases involving section 377 IPC and categorise them as either cases registered on complaints or *suo motu* action taken cases.
2. In all cases where cases were registered on complaints, investigation shall be continued and final report filed before the competent courts.
3. Where *suo motu* cases under section 377 IPC were registered by the Police without a complaint, it shall be immediately ascertained whether the case pertains to consensual sex, and if so, a Further Action Dropped report may be filed before the court concerned. If the case relates to non-consensual sex, then complaint of the aggrieved party shall be obtained for proceeding further with the investigation of the case.
4. If any case u/s 377 IPC is under investigation along with sexual offences like section 376, 376A, 376D IPC or POCSO offences etc., it is to be remembered that non-consensual sex is implied and investigation shall be continued on all the offences including section 377 IPC and final reports filed before the competent courts.

The District Police Chiefs are hereby directed to submit Action Taken Report on the above directions within one month from the date of issuance of this Circular to this office without fail.

**Loknath Behera, IPS,**
**Director General of Police &**
**State Police Chief.**

To

1. All SHOs of all Police Stations.
2. All Officers in List B- for information and urgent necessary action.
3. CAs to all Officers in PHQ (Hard Copy)
4. DD, PR for information & n/a

Copy to: Circular Register, Kerala Police Website.

No.U6/131245/2018/പി.എച്ച്.ക്യൂ
പോലീസ് ആസ്ഥാനം
തിരുവനന്തപുരം
തീയതി-19/10/2018

സർക്കുലർ നമ്പർ .27/18

വിഷയം:- പ്രായപൂർത്തിയായ രണ്ട് വ്യക്തികൾ, അതായത് സ്വവർഗ്ഗാനുരാഗികളോ, എതിർലിംഗാനുരാഗികളോ, സ്വവർഗ്ഗാനുരാഗികളായ സ്ത്രീകളോ തമ്മിൽ ഉഭയസമ്മത പ്രകാരമുള്ള ലൈംഗികത കുറ്റകരമല്ലാതാക്കിക്കൊണ്ടും ഇന്ത്യൻ ശിക്ഷാനിയമം 1860- ലെ 377-ാം വകുപ്പ് ഭാഗികമായി റദ്ദാക്കിക്കൊണ്ടുമുള്ള ബഹു.സുപ്രീം കോടതി വിധി - അന്വേഷണത്തിലിരിക്കുന്ന കേസുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ.

സൂചന:- Navtej Singh Johar & others Vs. Union of India[W.P(Criminal) No.76 of 2016] എന്ന കേസിലെ 06-09-2018 തീയതിയിലെ ബഹു.സുപ്രീംകോടതി വിധി.

ബഹു.സുപ്രീം കോടതി സൂചനയിലെ വിധി പ്രകാരം Suresh Kumar Kaushal Vs. Naz Foundation (Civil appeal No.10972 of 2013) എന്ന കേസിലെ മുൻ വിധി അസാധുവാക്കുകയും ഇന്ത്യൻ ശിക്ഷാ നിയമം 1860 ലെ 377-ാം വകുപ്പ്, പ്രായപൂർത്തിയായവർ തമ്മിലുള്ള ഉഭയസമ്മത പ്രകാരമുള്ള ലൈംഗിക പ്രവർത്തികൾ കുറ്റകരമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തോളം രണ്ട് മുതിർന്ന വ്യക്തികൾ തമ്മിൽ സമൂഹത്തിന് ദോഷമുണ്ടാക്കുന്നതോ അപകടകരമായതോ അല്ലാത്ത വിധത്തിൽ സ്വകാര്യസ്ഥലത്ത് ഉഭയസമ്മത പ്രകാരമുള്ള ലൈംഗിക പ്രവർത്തിയിലും സമ്മതം കൂടാതെയുള്ള ലൈംഗിക പ്രവർത്തിയിലും ഏർപ്പെടുന്നത് തമ്മിൽ വേർതിരിക്കുന്നതിൽ പ്രസ്തുത വകുപ്പ് പരാജയപ്പെടുന്നതായി വിധി പ്രസ്താവിക്കുകയുണ്ടായി. ഇത്തരത്തിൽ പ്രായപൂർത്തിയായവർ തമ്മിൽ സ്വകാര്യ ഇടങ്ങളിൽ വച്ച് പരസ്പരസമ്മതപ്രകാരമുള്ള ലൈംഗികത, അത് സ്വവർഗ്ഗാനുരാഗികളോ അല്ലെങ്കിൽ എതിർലിംഗാനുരാഗികളോ, ആകട്ടെ, സമൂഹത്തിന്റെ സഭ്യതയ്ക്കോ സദാചാരത്തിനോ ഒരുതരത്തിലും അപകടം ചെയ്യുന്നില്ല. ഇന്ത്യൻ ശിക്ഷാ നിയമം 377-ാം വകുപ്പ് ഇന്ത്യൻ ഭരണഘടനയുടെ 14, 19(1)(a) അനുച്ഛേദങ്ങൾ ലംഘിക്കുന്നതിനാൽ ബഹു.സുപ്രീംകോടതി പ്രസ്തുത വകുപ്പ് ഭാഗികമായി റദ്ദാക്കുകയുണ്ടായി. 377-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രായപൂർത്തിയായവർക്കെതിരെ ഉഭയസമ്മത പ്രകാരമല്ലാത്ത ലൈംഗിക പ്രവർത്തികൾക്കും, പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെയുള്ള ലൈംഗിക താൽപര്യത്തോടെയുള്ള എല്ലാ പ്രവർത്തികൾ (POCSO കേസുകൾ), മൃഗങ്ങളും മനുഷ്യരുമായുള്ള ലൈംഗിക പ്രവർത്തികൾ തുടങ്ങിയവയ്ക്കെല്ലാം തുടർന്നും ബാധകമാകുന്നതാണ്.

എല്ലാ ജില്ലാ പോലീസ് മേധാവിമാരും പോലീസ് വെബ്സൈറ്റിൽ നിന്നും ഈ വിധി ന്യായത്തിന്റെ പൂർണ്ണരൂപം ഡൗൺലോഡ് ചെയ്യേണ്ടതും, ഈ വിധിയിലെ അടിസ്ഥാന തത്വങ്ങൾ (ratio) പാലിക്കേണ്ടതും എല്ലാ ഫീൽഡ് ഉദ്യോഗസ്ഥർക്കും ഇതിനെ സംബന്ധിച്ച് അറിവ് നൽകേണ്ടതുമാണ്. തീർപ്പ്കൽപ്പിക്കപ്പെട്ട ഏതെങ്കിലും കേസുകൾ പുന.പരിശോധിക്കുന്നതിന് ഈ വിധി കാരണമാകുന്നതല്ല, എന്നാൽ തീർപ്പാക്കാനുള്ള എല്ലാ വിഷയങ്ങളിലും, വിചാരണയിലുള്ളതോ, അപ്പീൽ അല്ലെങ്കിൽ പുനപരിശോധന, ഘട്ടങ്ങളിലുള്ളതോ ആയവയിൽ ഈ വിധി ബാധകമാക്കേണ്ടതാണ്.

ഇന്ത്യൻ ശിക്ഷാ നിയമം 377-ാം വകുപ്പ് ഉൾപ്പെട്ടിട്ടുള്ള അന്വേഷണത്തിൻ കീഴിലുള്ള കേസുകൾ സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ആയവ കർശനമായി പാലിക്കേണ്ടതാണ്.

1. എസ്.എച്ച്.ഒ മാർ IPC 377-ാം വകുപ്പ് ഉൾപ്പെട്ടിട്ടുള്ള എല്ലാ കേസുകളുടെയും പട്ടിക തയ്യാറാക്കി, അവ പരാതികളിൻമേൽ രജിസ്റ്റർ ചെയ്തവയാണോ, പോലീസ് സ്വമേധയാ നടപടിയെടുത്ത കേസുകളാണോ എന്ന് തരം തിരിക്കേണ്ടതാണ്.
2. പരാതികളിന്മേൽ രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ കേസുകളിലും അന്വേഷണം തുടരേണ്ടതും, അധികാരപ്പെട്ട കോടതികൾ മുൻപാകെ അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
3. പോലീസ്, പരാതി ലഭിക്കാതെ ഇന്ത്യൻ ശിക്ഷാ നിയമം 377-ാം വകുപ്പ് പ്രകാരം സ്വമേധയാ രജിസ്റ്റർ ചെയ്ത കേസുകളാണെങ്കിൽ കേസ് ഉഭയസമ്മതപ്രകാരമുള്ള ലൈംഗികതയുമായി ബന്ധപ്പെട്ടതാണോ എന്ന് അടിയന്തിരമായി അന്വേഷിച്ചറിയേണ്ടതും, അപ്രകാരമാണെങ്കിൽ ബന്ധപ്പെട്ട കോടതി മുമ്പാകെ തുടർ നടപടി നിർത്തിവച്ചതായി ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. കേസ് ഉഭയസമ്മതപ്രകാരമല്ലാത്ത ലൈംഗിക പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണെങ്കിൽ, കേസന്വേഷണം തുടർന്നു കൊണ്ടു പോകുന്നതിന് ആവലാതിക്കാരനിൽ നിന്നും പരാതി രേഖാമൂലമോ, വാക്മൊഴിയായോ വാങ്ങിയിരിക്കേണ്ടതാണ്. അന്വേഷണത്തിലിരിക്കുന്ന ഏതെങ്കിലും കേസുകളിൽ IPC 377-ാം വകുപ്പിനോടൊപ്പം, 376, 376A, 376D വകുപ്പുകൾ അല്ലെങ്കിൽ POCSO കുറ്റകൃത്യങ്ങൾ എന്നിവ കൂടി ചേർക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഉഭയസമ്മത പ്രകാരമല്ലാത്ത ലൈംഗിക ബന്ധം ഉൾപ്പെട്ടതാണോയെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും 377 IPC ഉൾപ്പെടെ എല്ലാ കുറ്റകൃത്യങ്ങൾക്കും അന്വേഷണം തുടരേണ്ടതും അധികാരപ്പെട്ട കോടതികൾ മുൻപാകെ അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

എല്ലാ ജില്ലാ പോലീസ് മേധാവിമാരും ഈ സർക്കുലർ പുറത്തിറക്കിയ തീയതി മുതൽ 1 മാസത്തിനകം മേൽ നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് കർശനമായും ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ലോക്നാഥ് ബെഹ്റ ഐ.പി.എസ്
സംസ്ഥാന പോലീസ് മേധാവി

ഗ്രാഹകർ:-

1. എല്ലാ പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ മാർക്കും
2. ലിസ്റ്റ് ബി യിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും അടിയന്തിര നടപടികൾക്കുമായി
3. പി.എച്ച്.ക്യൂ വിലെ എല്ലാ ഓഫീസർമാരുടെയും സി.എ മാർക്ക്
4. ഡി.ഡി.പി.ആർ ന് അറിവിലേക്കും അനന്തര നടപടികൾക്കും

പകർപ്പ് : - സർക്കുലർ രജിസ്റ്റർ, കേരളാ പോലീസ് വെബ്സൈറ്റ്.